കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്
## 2016-17
## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി7)1055/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 28.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1,2-2 , ഭാഗം 3 ലെ 3-2 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി7)1055/2017 തീയതി: 28.07.2017

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.1.2017മുതൽ 31.3.17 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള 31.3.17 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.6.17 മുതൽ 23.6.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി .ഷീന കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശിവദാസൻ എ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു പി. ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി . സോന കെ.സത്യൻ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | തങ്കമ്മ വർഗ്ഗീസ് | 1.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | സിജോ കരേടൻ | 1.04.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ടി.വി നൈജു | 1.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ജയശ്രീ. പി.കെ | 1.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സോമസുന്ദരൻ | 1.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| ഗവ: ആയുർവേദ ഡിസ്പെൻസറി | | |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജിൽഷോ ജോർജ്ജ് | 1.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ (അതിരപ്പിള്ളി) | അനിൽ കുമാർ | 1.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ (വെറ്റിലപ്പാറ) | ജിജു | 1.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ആർ ശ്രീവിദ്യ | 1.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുനിൽ കുമാർ | 1.04.16 മുതൽ 31.03.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സെബിൻ .പി | 1.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ടി.വി മേരി | 1.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ടി.ജി സജി | 1.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ഭാഗം-1 | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം-2 | | |

| | | |
|---|---|---|
| 12 | പഞ്ചായത്തിലെ അനധികൃത നിർമ്മാണം | 2-1 |
| 13 | പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ - പരിശോധന വിധേയമാക്കേണ്ടതാണ്. | 2-2 |
| 14 | അനധികൃത വിനോദകേന്ദ്ര നിർമ്മാണം - തുടർ നടപടി | 2-3 |
| 15 | നോൺ ടാക്സ് റവന്യൂ വർദ്ധനവ് - പ്രശംസനീയമായ നടപടി | 2-4 |
| 16 | ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ്. | 2-5 |
| 17 | പരസ്യ നികുതി ബൈലോ അംഗീകാരം വാങ്ങേണ്ടതാണ്. | 2-6 |
| 18 | പരസ്യ നികുതി ലേലം - ലേല വ്യവസ്ഥ പാലിച്ചില്ല. | 2-7 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-8 |
| 20 | മലക്കപ്പാറ പോസ്റ്റ് ഓഫീസ് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-9 |
| 21 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല | 2-10 |
| ഭാഗം-3 | | |
| 22 | എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയിട്ടില്ല. | 3-1 |
| 23 | ഷോളയാർ ഗിരിജൻ സൊസൈറ്റി ഭൂമി കൈമാറ്റം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-2 |
| 24 | മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ വിവിധ പദ്ധതികൾക്കായി ഒരേ വാഹനം ഒരേ ദിവസം ഓടിയത് -വാഹനവാടക -ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 25 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായില്ല | 3-4 |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 27 | തെരുവ് വിളക്ക് സംയുക്തപരിശോധനനടത്തിയ തിയതി മുതൽ വൈദ്യുതി ചാർജ് | 3-6 |

| | | |
|---|---|---|
| | ക്രമീകരിക്കേണ്ടതാണ്. | |
| 28 | ഗുണഭോക്താക്കളുമായികരാർ വെയ്ക്കാതെ തുക കൈമാറി | 3-7 |
| 29 | ഒ.ഡി.എഫ് സ്കീം -മോണിറ്ററിങ് റിപ്പോർട്ട്, ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം. എന്നിവ ഹാജരാക്കിയില്ല -25,75,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 30 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 3,10,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 31 | വി.ഇ.ഒ – കാഷ്ബുക്കിൽ രേഖപ്പെടുത്തൽ വരുത്താത്ത ചെലവ് | 3-10 |
| 32 | മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ പദ്ധതി - അവലോകനം | 3-11 |
| ഭാഗം-4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 119601358 രൂപയും ചെലവ് 118559500 രൂപയും നീക്കിയിരിപ്പ് 1041858 രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 3.06.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കിലെയും അക്കൗണ്ട്സ് സൂക്ഷിപ്പിലേയും ന്യൂനതകൾ താഴെ ചേർക്കുന്നു. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

i)ബാലൻസ് ഷീറ്റ് ,ഷെഡ്യൂൾ B-15 പ്രകാരം 431190102- Receivable for Profession tax -insitutions/Professionals/traders (arrear) എന്നയിനത്തിൽ 3770 രൂപയും, 431300102 -Receivable for Licence fees for Dangerous and offensive Traders (arrear) എന്നയിനത്തിൽ 2850 രൂപയും കുടിശ്ശിക തുക കിട്ടാനുള്ളതാണ്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ii)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഉദാഹരണത്തിന് 2016-17 വർഷത്തിൽ പഞ്ചായത്ത് 68,97,511 രൂപ ചെലവഴിച്ച് ഭൂമി വാങ്ങിയത് “410100199-land -others” എന്ന ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

iii)ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നല്കിയത് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് ചെലവായി രേഖപ്പെടുത്തുന്നു. ഇപ്രകാരം രേഖപ്പെടുത്തുന്നതിനാൽ ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നതിനും, യഥാർത്ഥത്തിൽ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് കണക്കുകളിൽ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതായി കാണിക്കുന്നതിനും തന്മൂലം വാർഷിക കണക്കുകളിൽ തെറ്റായ സാമ്പത്തിക നില പ്രതിഫലിക്കുന്നതിനും കാരണമാകുന്നു. ഉദാഹരണത്തിന് കെ.എസ്.ഇ.ബി യിൽ തൻവർഷം 4,93,018 രൂപ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 29/3/2017ൽ നിക്ഷേപിക്കുകയും 31/3/2017 ൽ പ്രവൃത്തികൾ പൂർത്തീകരിക്കരിച്ചിട്ടില്ലാത്തതും ആകുന്നു. ചെലവഴിക്കുന്നതിന് മുമ്പ് തന്നെ ഈ തുക ചെലവായി രേഖപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റിൽ ഈ തുക Advance and Deposit എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

iv)ട്രാൻസാക്ഷനുകളുടെ പൂർണചിത്രം വാർഷിക കണക്കുകളിൽ പ്രതിഫലിക്കാത്ത രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു. ഉദാഹരണത്തിന്

സമ്പൂർണ ശുചിത്വത്തിന് ലഭിച്ച തുക ബാധ്യത ശീർഷകത്തിൽ വരവ് വയ്ക്കുകയും തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. വെറ്റിലപ്പാറയ്ക്ക് ഈ തുക കൈമാറിയപ്പോൾ ബാധ്യത ശീർഷകത്തിലും തനത് ഫണ്ട് അക്കൗണ്ടിലും തുക കുറവ് ചെയ്യുക മാത്രമാണ് ചെയ്തത്. യഥാർത്ഥത്തിൽ റവന്യൂ ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി,തത്തുല്യമായ തുക ബാധ്യത ശീർഷകത്തിൽ നിന്നും മാറ്റി റവന്യൂ വരവ് ശീർഷകത്തിൽ വരവ് വയ്ക്കുകയും ചെയ്താലെ income and expenditure account ൽ വരുമാനം ചെലവ് എന്നിവ

പൂർണമായും ഉൾപ്പെടുമായിരുന്നുള്ളൂ.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 7357178 |
| വരവ് | ₹ 55556603 |
| ആകെ | ₹ 62913781 |
| ചെലവ് | ₹ 53860933 |
| നീക്കിയിരിപ്പ് | ₹ 9052848 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സ്ഡ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27158665 | 27158665 | 14820682 | 12337983 | 54.57 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5414115 | 5414115 | 2523050 | 2891065 | 46.6 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2677023 | 2677023 | 1517015 | 1160008 | 56.66 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2814633 | 2814633 | 1453075 | 1361558 | 51.62 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5740488 | 5740488 | 2724006 | 3016482 | 47.45 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 14193459 | 14193459 | 10706393 | 3487066 | 75.43 |
| ലോകബാങ്ക് സഹായം | 0 | 6056000 | 6056000 | 5061674 | 994326 | 83.58 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 95,22,66,151 | 93 | 42155411 | 52 | 1 | 63.69 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 39.52 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3470467 | 4408405 | 937938 | 27.02 |
| നികുതിയേതര വരവുകൾ | 507425 | 1244163 | 736738 | 145.19 |
| മറ്റുവരവുകൾ | 2704575 | 3670857 | 966282 | 35.72 |
| ആകെ | 6682467 | 8671129 | 2640958 | 39.52 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9720 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 886600 | 93 |
| വിധവാപെൻഷൻ | 5743000 | 509 |
| വാർദ്ധക്യകാലപെൻഷൻ | 4456700 | 513 |
| വികലാംഗപെൻഷൻ | 674800 | 72 |
| 50 വയസ്സായ അവിവാഹിതരായ | 145400 | 14 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺ മക്കൾക്ക് വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2017 തീയതിയിൽ 3.30 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 818 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം

*ഫ്രണ്ട് ഓഫീസിന് അവശ്യ സൗകര്യങ്ങളുണ്ടെങ്കിലും ഓഫീസിനോട് ചേർന്നുള്ള ടോയ് ലറ്റും പഞ്ചായത്ത് കിണറും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുന്നതിൽ അലംഭാവം കാണുന്നു. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.*

പരാതി രജിസ്റ്റർ

2016-17 വർഷം ഗ്രാമപഞ്ചായത്ത് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2017 | 3/2017 | 6.6.17 1/17 ലെ റിപ്പോർട്ട് |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.11 മുതൽ 1.11.2011 വരെ | 2008-09 മുതൽ 2010-11 വരെ | 26.03.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിലെ അനധികൃത നിർമ്മാണം

അതിരപ്പിള്ളി വിനോദ സഞ്ചാര മേഖലയോടനുബന്ധിച്ച് നിരവധി റിസോർട്ടുകളും ഹോം സ്റ്റേകളും ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായ കൂട്ടിചേർക്കലുകൾ നടക്കുന്നതായി കാണുന്നു.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ പണികഴിപ്പിച്ചിട്ടുള്ള 336 $m^2$ റിസോർട്ടിന് (GF-

156,FF-159,SR-21) IV/258(U) നമ്പറായി 16-17ൽ കെട്ടിടനമ്പർ അനുവദിക്കുകയും വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ സമീപത്തുള്ള ഈ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി 12/23.06.17) പെർമിറ്റ് ഇല്ലാതെ കെട്ടിടത്തിന്റെ 2-ാം നിലയിൽ stair room ന് ഇരുവശത്തുമായി 2 റൂമുകൾ സൈഡ് ഗ്ലാസിട്ട് ഷീറ്റ് റൂഫിംഗ് ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പഞ്ചായത്ത് ഓഫീസിന്റെ സമീപത്തുള്ള ഈ കെട്ടിടം അനധികൃത നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടാത്തത് ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

2. അനധികൃത നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

3. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിയമാനുസൃതമാക്കുന്നതുവരെയോ കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെയോ പഞ്ചായത്ത് രാജ് ആക്ട് 235 എ.എ വകുപ്പ് പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാവുന്നതാണ്.

## 2-2 പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ - പരിശോധന വിധേയമാക്കേണ്ടതാണ്.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ പണികഴിപ്പിച്ചിട്ടുള്ള 680.66 $m^2$ (Hydel Palace) കെട്ടിടത്തിന് 2/229 A.2/102B,1/102 F നമ്പർ അനുവദിച്ചിട്ടുണ്ട്. GF-215.23 $m^2$, FF-225.83 $m^2$, SF- 225.83 $m^2$, SR-13.77 $m^2$ എന്നിവയ്ക്കാണ് പഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ്, കെട്ടിടനമ്പർ നൽകിയിട്ടുള്ളത്. ബിൽഡിംഗ് സ്കെച്ച് പ്രകാരം കെട്ടിടത്തിന്റെ ഉയരം 9.90m ആണ്. ഈ കെട്ടിടത്തിന്റെ മുകൾ ഭാഗം സൈഡ് ഗ്ലാസ് കൊണ്ട് കവർ ചെയ്ത് റൂഫിങ് ചെയ്തതായി കാണുന്നു. ഫയൽ പ്രകാരം 9.90 m ഉയരമുള്ള കെട്ടിടത്തിന് No further construction will be allowed in the vacant spaces provided in the approved plan എന്ന നിബന്ധനയോടെയാണ് ഫയർ NOC നൽകിയിരിക്കുന്നത്. എന്നാൽ അനധികൃത നിർമ്മാണം ഈ വ്യവസ്ഥയുടെ ലംഘനമാണ്.

കെട്ടിടഭാഗത്തിന്റെ ഉയരം തെരുവുവീതിക്കനുസൃതമായി പരിമിതപ്പെടുത്തുമ്പോൾ ഈ അനധികൃത നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 36 ന് അനുസൃതമാണോയെന്നും തറവിസ്തീർണ്ണാനുപാതം ചട്ടപ്രകാരമാണോയെന്നും , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ മറ്റ് ലംഘനങ്ങളുണ്ടായിട്ടുണ്ടോയെന്നും പരിശോധന വിധേയമാക്കി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 20 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിയമാനുസൃതമാക്കുന്നതുവരെയോ കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെയോ പഞ്ചായത്ത് രാജ് ആക്ട് 235 എ.എ വകുപ്പ് പ്രകാരം ഈ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കാവുന്നതാണ്.

അതിരപ്പിള്ളി വിനോദ സഞ്ചാര മേഖലയോടനുബന്ധിച്ച് നിരവധി റിസോർട്ടുകളും ഹോം സ്റ്റേകളും ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ അനധികൃതമായ കൂട്ടിചേർക്കലുകൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടക്കുന്നതായി മേൽ ഉദാഹരണങ്ങളിലൂടെ മനസ്സിലാക്കുന്നു. ഇത്തരം

നിർമ്മിതികൾ പരിശോധന നടത്തി തനതുവരുമാനം ഉറപ്പാക്കേണ്ടതും കെട്ടിടങ്ങൾ നിയമാനുസൃതമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർ നിർണ്ണയം ചെയ്യുന്നതു വഴി പഞ്ചായത്തിന്റെ വരുമാന ചോർച്ച ഒഴിവാക്കാവുന്നതും തനതുവരുമാനം വളരെ കുറവായ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ നടപ്പാക്കാൻ സഹായകമാകുമെന്നതിനാലും ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 അനധികൃത വിനോദകേന്ദ്ര നിർമ്മാണം - തുടർ നടപടി

സിൽവർ സ്റ്റോം അമ്യൂസ്മെന്റ് പാർക്കിലെ അനധികൃത നിർമ്മാണം നിർത്തിവയ്ക്കണമെന്ന സെക്രട്ടറിയുടെ നോട്ടീസിനെ തുടർന്ന് 1054.34 $m^2$ കെട്ടിടം ( സ്നോ സ്റ്റോം ) റെഗുലറൈസ് ചെയ്യുന്നതിന് സിൽവർ സ്റ്റോം മാനേജിങ് ഡയറക്ടർ 7.4.17 ന് അപേക്ഷ സമർപ്പിച്ചു. റവന്യൂ രേഖകൾ പ്രകാരം അനധികൃത നിർമ്മാണം നടത്തിയിരിയ്ക്കുന്ന സ്ഥലം നിലം ആയതിനാൽ അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 18.4.17 ന് B2- 1919/17 നമ്പറായി സെക്രട്ടറി നോട്ടീസ് നൽകി. ഈ നോട്ടീസിനെതിരെ സിൽവർ സ്റ്റോം മാനേജിങ് ഡയറക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണലിൽ 410/17 നമ്പറായി അപ്പീൽ ഫയൽ ചെയ്യുകയും സെക്രട്ടറിയുടെ B2- 1919/17 നമ്പർ നോട്ടിസിന് മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ 27.4.17 ന് സ്റ്റേ വാങ്ങുകയും ചെയ്തു. അനധികൃത വിനോദകേന്ദ്രത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ 9.5.17 ന് സെക്രട്ടറി നോട്ടീസ് നൽകി.

അനധികൃതകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തെ കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 22.06.17 ലെ സംയുക്ത സമിതിയുടെ ശുപാർശയെ തുടർന്ന് കെട്ടിടം ക്രമവൽക്കരിക്കുവാൻ നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭിച്ചു. അനധികൃത കെട്ടിടത്തിൽ പഞ്ചായത്ത് ലൈസൻസില്ലാതെ നിലവിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻ മേൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതാണ്.

## 2-4 നോൺ ടാക്സ് റവന്യൂ വർദ്ധനവ് - പ്രശംസനീയമായ നടപടി

നികുതിയേതര വരവുകൾ വർദ്ധനവ് വരുത്താമെന്നുള്ള 23.9.14 ലെ GO(p) 409/2014/FIN സർക്കാർ ഉത്തരവ് പ്രകാരം ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീ, പെർമിറ്റ് ഫീ, ബിൽഡിംഗ് റഗുലറൈസേഷൻ ഫീ, ഡി&ഒ ലൈസൻസ് ഫീ എന്നീ ഇനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വർദ്ധനവ് വരുത്തി. 9.12.16 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 6(2)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 കമ്മ്യൂണിറ്റി ഹാളുകളുടേയും പാർക്കിംഗ് ഗ്രൗണ്ടിന്റേയും വാടക 1.01.17 മുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ നികുതിയേതര ഇനങ്ങളിൽ വൻവർദ്ധനവ് നേടാൻ ഗ്രാമപഞ്ചായത്തിനായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2015-16 | 2016-17 |
|---|---|---|
| ഡി.ആന്റ്.ഒ ലൈസൻസ് ഫീ | 26200 | 115838 |
| പെർമിറ്റ് ഫീ | 42566 | 82398 |

| | | |
|---|---|---|
| റഗുലറൈസേഷൻ ഫീ | 18816 | 20290 |
| വാടക | 174040 | 231590 |

തനതു വരുമാനം തീരെ കുറവായ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ യഥോചിതമായ ഈ നടപടി പ്രത്യേക പ്രശംസ അർഹിക്കുന്നു.

## 2-5 ഇ-ടെണ്ടർ വരവ് പഞ്ചായത്തിന്റെ തനതു വരുമാനമാക്കേണ്ടതാണ്.

2016-17 സാമ്പത്തികവർഷം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 27 പ്രോജക്ടുകൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ഇ-ടെണ്ടർ ഫോമിന്റെ വിലയായി ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട 171260/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതുമാണ്.

## 2-6 പരസ്യ നികുതി ബൈലോ അംഗീകാരം വാങ്ങേണ്ടതാണ്.

പരസ്യ നികുതി ബൈലോ 8.08.12 ന് 10-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ബൈലോയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതാണ്.

## 2-7 പരസ്യ നികുതി ലേലം - ലേല വ്യവസ്ഥ പാലിച്ചില്ല.

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള പരസ്യ നികുതി 22.03.17 ന് ശ്രീ. സെബാസ്റ്റ്യൻ കെ.എം 61500/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതും 28.3.17 ലെ 3(1) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുള്ളതുമാണ്. ലേലരജിസ്റ്റർ പ്രകാരം ലേലതുകയുടെ 1/3 മാത്രമേ വരവായി കാണുന്നുള്ളൂ.

ലേല സമയത്ത് ലേലതുകയുടെ 1/3 രൂപയും , ലേലം ഭരണസമിതി അംഗീകരിക്കുന്ന പക്ഷം കരാറുകാരൻ കരാറിൽ ഏർപ്പെടേണ്ടതും മുഴുവൻ ലേലതുക അടവാക്കണമെന്നും ലേല നോട്ടീസിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരനുമായി കരാർ ചമക്കുകയോ , ലേല തുക മുഴുവൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ലേല വ്യവസ്ഥ പാലിക്കേണ്ടതും ലേല തുക മുഴുവൻ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തെ ഡി&ഒ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി&ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡി ആന്റ് ഒ അപേക്ഷയിൽ കാണിച്ച തൊഴിലാളികളുടെ എണ്ണം. |
|---|---|---|

| | | |
|---|---|---|
| 1 | ആദർശ് ഹോളോ ബ്രിക്സ് | 3 |
| 2 | ഹൈഡൽ പാലസ് | 6 |
| 3 | ചിയോങ് റസ്റ്റോറന്റ് | 4 |
| 4 | പാംവ്യൂ റസിഡൻസി | 4 |
| 5 | ജാക്കസ് ഓർഗാനിക്ക | 6 |
| 6 | പ്ലാന്റേഷൻ വാലി റിസോർട്ട് | 14 |
| 7 | ഹിൽ വ്യൂ റിസോർട്ട് | 3 |
| 8 | റിച്ച് മൗണ്ട് ഹോം സ്റ്റേ | 2 |
| 9 | ബെതനിക് റിസോർട്ട് | 8 |
| 10 | ഗ്രീൻ ട്രീസ് | 4 |
| 11 | ക്ലിറിന്റ് റിസോർട്ട് | 3 |
| 12 | സിനമൺ ഫുഡ് കോർട്ട് | 6 |
| 13 | മാജിക്ക് ലാന്റ് | 5 |

തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെടേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-9 മലക്കപ്പാറ പോസ്റ്റ് ഓഫീസ് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മലക്കപ്പാറ പോസ്റ്റ് ഓഫീസിലെ താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ ഓഫീസിൽ നിന്നും ആരുടേയും രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി കുടിശ്ശികയുള്ളതായും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പേര് | ഈടാക്കിയ നികുതി |
|---|---|---|
| 1 | ആർ.ചെല്ലദുരൈ | 600 |
| 2 | എ.അശോക് കുമാർ | 400 |

## 2-10 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് കൃത്യമാണെന്ന് ഉറപ്പാക്കാനാകുന്നില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ. 29/17

പ്രവൃത്തിയുടെ പേര്. രാഘവമേനോൻ റോഡ് റീടാറിംഗ്.

എഗ്രീഡ് പി.എ.സി. – 700000/-

പാർട്ട് ബിൽ തുക. 561194

ബിൽ നമ്പർ. 2/16-17 dt. 08-12-2016

കരാറുകാരൻ. ജോജൻ വർഗ്ഗീസ്.

എഗ്രിമെന്റ് നമ്പർ. 22/14-15 തിയ്യതി. 21-01-15

21-1-2015 ന് എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തിയുടെ കാലാവധി മൂന്ന് മാസമായിരുന്നു. എന്നാൽ നാളിതു വരെ പണി പൂർത്തിയാക്കിയിട്ടില്ല. 20-10-15 ന് ചെക്ക് മെഷർ ചെയ്ത് പ്രവൃത്തിയുടെ ആദ്യപാർട്ട് ബിൽ തുക നൽകിയിട്ടുണ്ട്. കരാർ ഉടമ്പടി ഖണ്ഡിക നമ്പർ 7 ലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത കാലാവധിയുടെ അഞ്ചിൽ ഒന്ന് സമയം മാത്രമേ പിഴയില്ലാതെ പ്രവൃത്തി ദീർഘിപ്പിക്കാൻ പാടുള്ളൂ. പിന്നിട് വരുന്ന ആദ്യ മൂന്ന മാസക്കാലത്തേക്ക് എഗ്രീഡ് തുകയുടെ 1% തുകയും, പിന്നീട് വരുന്ന കാലയളവിലേക്ക് കരാർ തുകയുടെ 2% നിരക്കിലുള്ള തുകയും പിഴയായി ഈടാക്കേണ്ടതാണ്. ഇവിടെ ബിൽ അനുവദിച്ച സമയത്ത് പിഴ ഈടാക്കിയിട്ടില്ല. ഈ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടുമില്ല. സമയത്തിന് പണി പൂർത്തീകരിക്കണമെന്ന എഞ്ചീനീയറുടെ കത്തിന് കരാറുകാരൻ മറുപടി നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച മൂലമാണ് പണി സമയബന്ധിതമായി പൂർത്തിയാക്കാനാകാത്തത് എന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് നിയമാനുസൃത പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഷോളയാർ ഗിരിജൻ സൊസൈറ്റി ഭൂമി കൈമാറ്റം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സർക്കാർ ഉത്തരവ് നമ്പർ 4422/2016/റവന്യൂ തിയതി.22/10/2016 പ്രകാരം, അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ ഗിരിജൻ വെൽഫയർ സൊസൈറ്റി ഭൂമിയിൽ നിന്നും 2.271/4 ഏക്കർ അതിരപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് കൈമാറി നൽകിയ നടപടി സർക്കാർ സാധൂകരിച്ചിട്ടുണ്ട്. ഈ ഭൂമിയ്ക്ക് സർക്കാർ നിശ്ചയിച്ച വില 68,97,511/ രൂപാ സർക്കാർ ഹെഡിലേയ്ക്ക് സെക്രട്ടറിയുടെ പദ്ധതി പ്രകാരം അടവാക്കിയിട്ടുണ്ട്(ബിൽ നം.21/16-17, തിയതി.8/3/2017). തുക സർക്കാരിന് കൈമാറിയെങ്കിലും , ഭൂമി പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ വിവിധ പദ്ധതികൾക്കായി ഒരേ വാഹനം ഒരേ ദിവസം ഓടിയത് -വാഹനവാടക -ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണം നടത്തിയ, പ്രതിരോധപ്രവർത്തനം, എസ്.ടി.കോളനികളിൽ മെഡിക്കൽ ക്യാമ്പ്, പാലിയേറ്റീല് കെയർ എന്നീ പദ്ധതികൾക്കായി KL-18E 2589-ാംനമ്പർ വാഹനം ഒരേ ദിവസങ്ങളിൽ ഒരേ സമയത്ത് രണ്ട് പദ്ധതികൾക്ക് വീതം ഓടിയതായി കാണുന്നു.

8/10/2016, 25/11/2016 എന്നീ തിയതികളിൽ പ്രതിരോധപ്രവർത്തനം എന്ന പ്രോജക്ടിനും അതോടൊപ്പം പാലിയേറ്റീവ് കെയർ ഹോം കെയറിനുമായി വാഹനം ഓടിയിട്ടുണ്ട്. 5/1/2017, 15/3/2017 എന്നീ തിയതികളിൽ എസ്.ടി.കോളനികളിൽ മെഡിക്കൽ ക്യാമ്പ് എന്ന പ്രോജക്ടിനും, പാലിയേറ്റീവ് കെയറിനുമായി ഇതേ വാഹനം ഓടിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | യാത്രാചെയ്ത ദിവസം | സ്ഥലം | ദൂരം | സമയം | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| പ്രതിരോധപ്രവർത്തനം | 8/10/2016 | വെറ്റിലപ്പാറ-മയിലാടുംപാറ | 160 കി.മീ | 7.00am-6.00pm | 3000/ |
| പാലിയേറ്റീവ് കെയർ | 8/10/2016 | വെറ്റിലപ്പാറ-പന്നാരംപാറ | - | - | 1000/ |
| പ്രതിരോധപ്രവർത്തനം | 25/11/2016 | വെറ്റിലപ്പാറ-അടിച്ചിൽതൊട്ടി | 100 കി.മീ | 7.00am-6.pm | 2300/ |
| പാലിയേറ്റീവ്കെയർ | 25/11/2016 | വെറ്റിലപ്പാറPHC-വെറ്റിലപ്പാറ13,15 ,പിള്ളപ്പാറ,കണ്ണംകുഴി | - | - | 1000/ |
| ST കോളനികളിൽ മെഡിക്കൽ ക്യാമ്പ് | 5/1/2017 | വെറ്റിലപ്പാറ-വാഴച്ചാൽ പെരിങ്ങൽകുത്ത് | 40കി.മീ | - | 1500/ |
| പാലിയേറ്റീവ് കെയർ | 5/1/2017 | വെറ്റിലപ്പാറ-പിള്ളപ്പാറ,കണ്ണംകുഴി | - | 9.00am-3.00pm | 1000/ |
| ST കോളനികളിൽമെഡിക്കൽ | 15/3/2017 | വെറ്റിലപ്പാറ-അടിച്ചിൽതൊട്ടി | 12കി.മീ | - | 2200/ |

| | | | | | |
|---|---|---|---|---|---|
| ക്യാമ്പ് | | | | | |
| പാലിയേറ്റീവ് കെയർ | 15/3/2017 | വെറ്റിലപ്പാറ-വാഴച്ചാൽ,പെരിങ്ങൽകുത്ത് | - | - | 1500/ |

ഒരേ ദിവസം ഒരേ വാഹനം വിവിധ പ്രോജക്ടുകൾക്കായി സർവീസ് നടത്തിയതിനാൽ ,പാലിയേറ്റീവ് കെയർ ഹോം കെയർ ഉള്ള ദിവസങ്ങളിൽ മറ്റ് പ്രോജക്ടുകൾക്കായി ഓടിയ വാഹനവാടക ഇനത്തിലുള്ള 9000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു (3000+2300+1500+2200).

## 3-4 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 99980/ രൂപാ ,കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല (ബിൽ നം.22/16-17 തി.2/3/17). മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| സെക്രട്ടറി | S0178/17 | നഴ്സറിപ്പടി ട്രാൻസ്ഫോർമർ-അധികവിഹിതംനൽകൽ | 406367 | KSEB പരിയാരം |
| സെക്രട്ടറി | S0189/17 | അടിച്ചിൽതൊട്ടി കോളനി സ്ട്രീറ്റ് ലൈറ്റ് മെയിൻലൈൻ എക്സ്റ്റൻഷൻ | 205568 | KSEB |
| സെക്രട്ടറി | S0014/17 | വെറ്റിലപ്പാറ നഴ്സറിപ്പടി ട്രാൻസ്ഫോർമർ | 797439 | KSEB |
| സെക്രട്ടറി | S0185/17 | സ്ട്രീറ്റ് ലൈറ്റ് മെയിൻലൈൻ എക്സ്റ്റൻഷൻ മദാമ്മകുണ്ട് മുതൽ കണ്ണംകുഴി S കർവ് വരെ | 42500/ | KSEB |
| സെക്രട്ടറി | S0190/17 | ആനമുക്ക് തവളക്കുഴിപ്പാറ | 244950/ | KSEB |

| | | | | |
|---|---|---|---|---|
| | | തെരുവുവിളക്ക് എക്സ്റ്റൻഷൻ | | |
| വെറ്ററിനറി സർജൻ | So 105/17 | തെരുവ്നായ നിയന്ത്രണം-ABC പ്രോഗ്രാം | 75000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| | | | 1365457 | |

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് സംയുക്തപരിശോധനനടത്തിയ തീയതി മുതൽ വൈദ്യുതി ചാർജ് ക്രമീകരിക്കേണ്ടതാണ്.

അതിരപ്പള്ളി ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് 2014 ആഗസ്റ്റ് മാസം മുതൽ 47073 രൂപയാണ് അടച്ച് വരുന്നത്. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 11/11/2014ലെBB/streetlight/2014-15/139-ാം നമ്പർ കത്ത് പ്രകാരം പഞ്ചായത്തിൽ ഉള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| Description | Watts | No.of bulbs | Rate | Amount |
|---|---|---|---|---|
| Ordinary bulb | 40 | 250 | 61 | 15250 |
| Double tube | 2x40 | 118 | 124 | 14632 |
| SVL | 250 | 27 | 414 | 11178 |
| CFL | 11 | 409 | 7 | 2863 |
| CFL Double | 11x2 | 225 | 14 | 3150 |
| Total | | | | 47073 |

2014 ഓഗസ്റ്റ് മാസം മുതൽ നാളിതുവരെ പഞ്ചായത്ത് ഈ തുകയാണ് കറന്റ് ചാർജ് ഇനത്തിൽ അടച്ചുവരുന്നത്. എന്നാൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി. പരിയാരവും സംയുക്തമായി 7/6/2016 മുതൽ 15/6/2016 വരെ നടത്തിയ തെരുവ് വിളക്കുകളുടെ പരിശോധനയിൽ പഞ്ചായത്തിൽ ആകെ 1249 CFL(22w),LED133(24w), ബൾബ്(3) എന്നിങ്ങനെയാണ് എണ്ണം കാണിച്ചിരിയ്ക്കുന്നത്. സംയുക്ത പരിശോധനനടത്തി കണ്ടെത്തിയ തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കറന്റ് ചാർജ് പുനർനിർണയിച്ച്, സംയുക്തപരിശോധനനടത്തിയ തീയതി പ്രാബല്യത്തിൽ ക്രമീകരിയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഗുണഭോക്താക്കളുമായികരാർ വെയ്ക്കാതെ തുക കൈമാറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ആശ്രയ പദ്ധതി(എസ്.സി ) ആശ്രയ പദ്ധതി (എസ്.ടി.) ആശ്രയ(ജനറൽ) എന്നീ പദ്ധതികൾക്കായി യഥാക്രമം 600000/-, 300000/-, 600000/ ആകെ 1500000/ രൂപാ അസിസ്റ്റന്റ് സെക്രട്ടറി CDS ന്റെ അക്കൗണ്ടിലേയ്ക്ക് 30/3/2017 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തിയതല്ലാതെ അവർ ആരും തന്നെ നിർവഹണോദ്യോഗസ്ഥനുമായി കരാർ വച്ചിരുന്നില്ല. ഗുണഭോക്താക്കളുമായി കരാർ വയ്ക്കാതെ തുക ട്രാൻസ്ഫർ ചെയ്ത നടപടി ശരിയല്ല.

ഇത്തരത്തിലുള്ള നടപടികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-8 ഒ.ഡി.എഫ് സ്കീം -മോണിറ്ററിങ് റിപ്പോർട്ട്,ഗുണഭോക്താക്കളുടെ സാക്ഷ്യപത്രം. എന്നിവ ഹാജരാക്കിയില്ല -25,75,000 രൂപ തടസ്സപ്പെടുത്തുന്നു.

ഒ.ഡി.എഫ് സ്കീം നടപ്പാക്കിയതുമായി ബന്ധപ്പെട്ട് 72 ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റുകൾ നിർമിച്ചുനൽകുന്നതിന് നിർമിതി കേന്ദ്ര എന്ന സ്ഥാപനത്തിനും , 9 എണ്ണം പണിത് നല്കുന്നതിന് ശ്രീ. സുരേഷ് , മലയൻ കോളനി, വാച്ച്മരം കൺവീനറായ ഗുണഭോക്തൃ സമിതിയ്ക്കും, 22 എണ്ണം പണിത് നല്കുന്നതിന് ശ്രീമതി. രമ്യ ചന്ദ്രൻ കാടർ കോളനി വാഴച്ചാൽ, കൺവീനറായ ഗുണഭോക്തൃ സമിതിയ്ക്കും ഒരു ടോയലെറ്റിന് 25,000 രൂപ നിരക്കിൽ യഥാക്രമം 18,00,000 രൂപ, 2,25,000 രൂപ, 5,50,000 രൂപ എന്നിങ്ങനെ താഴെ ചേർത്തിരിക്കുന്ന രീതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

എ) നിർമിതി കേന്ദ്രം-72 എണ്ണം @25,000 = 18,00,000

ചെക്ക് നമ്പർ 101203തീ. 7/10/2017 ,രൂ 15,55,200

ബിൽ നമ്പർ 10 തീ 15/3/17 ,രൂ 2,44,800(ആദായനികുതി 36000 ഉൾപ്പെടെ)

ആകെ - രൂ 18,00,000

ബി)ശ്രീ.സുരേഷ് , മലയൻ കോളനി, വാച്ച്മരം- 9 എണ്ണം @25,000=2,25,000

ചെക്ക് നമ്പർ 101027 തീ. 7/10/2017 -രൂ 1,08,000

ഡി.ഡി.895496 തീ 5/11/2016 -രൂ. 30,600

ചെക്ക് നമ്പർ 101202 തീ 6/2/2107 -രൂ .86,400

ആകെ - രൂ 2,25,000

സി) ശ്രീമതി.രമ്യ ചന്ദ്രൻ ,കാടർ കോളനി ,വാഴച്ചാൽ -22 എണ്ണം @25,000=5,50,000

ചെക്ക് നമ്പർ 101026 തീ. 7/10/2016 – രൂ 2,64,000

ഡി.ഡി.895497 തീ 28/10/2016- രൂ 74,800

ചെക്ക് നമ്പർ 101201 തീ 2/2/17 - രൂ 2,11,200

ആകെ - രൂ 5,50,000

എന്നാൽ നിർമിതി കേന്ദ്രം 72 ടോയ്‌ലെറ്റുകൾ പണിതു നൽകിയ ഗുണഭോക്താക്കളിൽ നിന്നും ഇതു സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2 ഗുണഭോക്തൃസമിതികൾ 31 ടോയ്‌ലെറ്റുകൾ പണിതു നൽകിയ ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപത്രം , മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് എന്നിവയും ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയത് തെളിയിക്കുന്ന ഈ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 25,75,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം

## ഹാജരാക്കിയില്ല- 3,10,000 രൂപ തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിൽ , സംയുക്തപദ്ധതികൾക്കായി ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് നൽകിയ താഴെ ചേർത്തിരിക്കുന്ന തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 3,10,000 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ. നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക | ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|---|
| 1 | S0071/17 | ഭവനനിർമാണം (പി.എം.എ.വൈ) എസ്.സി | 90,000 | 17 | 24/3/2017 |
| 2 | S0200/17 | ഐ.എ.വൈ 2015-16 എസ്.സി അധിക വിഹിതം | 25,000 | 12 | 15/3/2017 |
| 3 | S0201/17 | ഐ.എ.വൈ 2015-16 എസ്.ടി അധിക വിഹിതം | 1,62,500 | 13 | 15/3/2017 |
| 4. | S0161/17 | ഐ.എ.വൈ (എസ്.സി.പി.) | 32,500 | 9 | 15/3/2017 |
| ആകെ | | | 3,10,000 | | |

(ഓഡിറ്റ് എൻക്വയറി-11 തീ 22/6/2017)

## 3-10 വി.ഇ.ഒ - കാഷ്ബുക്കിൽ രേഖപ്പെടുത്തൽ വരുത്താത്ത ചെലവ്

ഒ.ഡി.എഫ് സ്കീം നടപ്പാക്കുന്നതിന് സെക്രട്ടറി അനുവദിച്ച 1,78,200 ( ചെക്ക് നമ്പർ 101138 dt 30/3/2017) രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഈ തുകയുടെ വരവ്, ചെലവ് വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-11 തീ 22/6/2017)

## 3-11 മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വർക്ക് രജിസ്റ്റർ പൂർണ്ണമല്ല.

വർക്ക് രജിസ്റ്റർ പൂർണ്ണമായും എഴുതി വരുന്നില്ല. ആരും സാക്ഷ്യപ്പെടുത്തുന്നില്ല.

2. സൈറ്റ് ഡയറി പൂർണ്ണമല്ല

ഫയലിനൊപ്പം സൂക്ഷിക്കേണ്ട വർക്ക് ഡയറി കൃത്യമായി എഴുതി വരുന്നില്ല. എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല.

3. എം ബുക്ക് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

ഫയലിൽ എം ബുക്ക് നമ്പർ എഴുതുന്നില്ല. എം ബുക്ക് ഫയലിനൊപ്പം സൂക്ഷിക്കുന്നതായും കാണുന്നില്ല.
അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർ ഷിപ്പ് | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2011-12 | 125000 | അംഗൻവാടി പോഷകാഹാരം | 56988 | 68012 |
| ജില്ലാ പഞ്ചായത്ത് | 2012-13 | 300000 | മലക്കപ്പാറ സ്ട്രീറ്റ് ലൈൻ വലിക്കൽ | 0 | 300000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 7-ാം വാർഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ | 21600912/29.3.17 | 42500 | - | 42500 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | |
| “ | അടിച്ചിൽക്കൊട്ടി കോളനി സ്ലീറ്റ് ലൈറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21600913/29.3.17 | 205568 | - | 205568 |
| “ | ആനമുക്ക് തവളക്കുഴിപ്പാറ സ്ലീറ്റ് ലൈറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21600914/29.3.17 | 244950 | - | 244950 |

ഖണ്ഡിക 1-3 (iii) കൂടി കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തീയതി |
|---|---|---|---|---|
| 2013-14 | 2.3 (തൊഴിൽ നികുതി) | 150 | മാർഗലീത കെ.വി | 11601100457 / 11.7.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രാകരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നവയുടെ വിവരം(പഞ്ചായത്ത് നൽകിയ വിവര പ്രകാരം)

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതി 100 Hpമോട്ടോർ വാങ്ങിയ ശേഷം പദ്ധതി ഉപേക്ഷിച്ചു | മോട്ടോർ ലേലം ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട് |
| 2002-03 | 3-5 | 2006-07 | 3.56.1 | കാട വളർത്തൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | മൻകൂർ തുക തിരിച്ചടക്കുന്നതിന് തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റിക്ക് കത്തയച്ചിട്ടും മറുപടി ലഭിച്ചിട്ടില്ല |
| 2002-03 | 3-3 | 2006-07 | 3.53.4 | നിക്ഷേപ ജോലികൾ പണി പൂർത്തീകരിച്ചിട്ടില്ല | യൂട്ടിസൈസേഷൻ ഹാജരാക്കിയിട്ടുണ്ട് |
| 2002-03 | 3-12 | 2006-07 | 3.53.2 | കന്നുകുട്ടി പരിപാലന പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല | യൂട്ടിസൈസേഷൻ ഹാജരാക്കിയിട്ടുണ്ട് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55556603 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53860933 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4259457 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 9000 | ജിൽഷോ ജോർജ്, മെഡിക്കൽ ഓഫീസർ |
| 3-5 | 1365457 | സിജോ കരേടൻ, സെക്രട്ടറി |
| 3-8 | 2575000 | അനിൽ കുമാർ,വി.ഇ.ഒ |
| 3-9 | 310000 | അനിൽ കുമാർ,വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.ടി 7-553/99/ 4.11.99 | | |
| 97-98 | എൽ.എഫ്.ടി 7-554/99/ 4.11.99 | | |
| 98-99 | എൽ.എഫ്.ടി 7-618/2000/ 28.11.02 | | |
| 99-2000, 2001-02(പ്ലാൻ) | എൽ.എഫ്.ടി 14-1204/03/ 3.2.04 | | |
| 99-2000 | എൽ.എഫ്.ടി 14-875/05/ 11.8.05 | | |
| 2000-01 | എൽ.എഫ്.ടി 14-867/05/ 11.8.05 | | |
| 2001-02 | എൽ.എഫ്.ടി 14-945/05/ 11.8.05 | | |
| 2002-03 | എൽ.എഫ്.ടി 14-618/06/ 19.8.06/9.1.07 | | |
| 2003-04 | എൽ.എഫ്.ടി 14-619/06/ 19.806 | | |
| 2004-05 | എൽ.എഫ്.ടി 14-65/09/ 21.12.09 | | |
| 2005-06 | എൽ.എഫ്.ടി 14-821/09/ 24.7.10 | | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ടി 14-822/09/ 24.7.10/10.11.10 | | |
| 2007-08 | എൽ.എഫ്.ടി 15-690/11/ 28.9.11 | | |
| 2008-09 | എൽ.എഫ്.ടി 15-691/11/ 19.2.11/2.1.12 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി3-1662/12/ 11.1.13/6.4.13 | | |
| 2011-12 | എൽ.എഫ്.ടി പി7-1985/13 3.4.14/13.6.14 | | |
| 2012-13 | എൽ.എഫ്.ടി പി7-1908/14 10.6.15/27.7.15 | | |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (പി7)221/16/22.2.16 | | |
| 2014-15 | കെഎസ്എ ടിഎസ്ആർ(പി7)1278/16/ 29.7.2016 | | |
| 2015-16 | കെഎസ്എ ടിഎസ്ആർ(പി7) 75/2017 തി.25.01.17 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി7)1055/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 28.07.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(P7)1055/2017

Kerala State Audit Department

District Audit Office,

Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 28.07.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Athirappilly Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Athirappilly Gramapanchayath for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.